178 36
11/8/17

©
കേരള സർക്കാർ
Government of Kerala
2017

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 6 Vol. VI | തിരുവനന്തപുരം, തിങ്കൾ Thiruvananthapuram, Monday | 2017 ജൂലൈ 24 24th July 2017 1192 കർക്കടകം 8 8th Karkadakam 1192 1939 ശ്രാവണം 2 2nd Sravana 1939 | നമ്പർ No. | 1567 |


## കേരള സർക്കാർ

മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 18/2017/മ.തു.വ. *തിരുവനന്തപുരം, 2017 ജൂലൈ 12 / 1192 മിഥുനം 28.*

**എസ്. ആർ. ഒ. നമ്പർ 465/2017.**—2014-ലെ കേരള മത്സ്യവിത്ത് ആക്റ്റ് (2015-ലെ 4-ാം ആക്റ്റ്)-ലെ 38-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ 2016 ഫെബ്രുവരി 8-ാം തീയതിയിലെ സ. ഉ. (അച്ചടി) നമ്പർ 03/2016/മ.തു.വ. പ്രകാരം വിജ്ഞാപനമായി പുറപ്പെടുവിച്ചതും 2016 ഫെബ്രുവരി 8-ാം തീയതിയിലെ 300-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 121/2016 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2016-ലെ കേരള മത്സ്യവിത്ത് ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനായി താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:—

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്. 2017.

33/2602/2017/S-15.

ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2017-ലെ കേരള മത്സ്യവിത്ത് (ഭേദഗതി) ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങളുടെ ഭേദഗതി.—2016-ലെ കേരള മത്സ്യവിത്ത് ചട്ടങ്ങളിലെ 8-ാം ചട്ടത്തിൽ "എറണാകുളം" എന്ന വാക്കിന് പകരം "കൊല്ലം" എന്ന വാക്ക് ചേർക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ജെയിംസ് വർഗ്ഗീസ്,

*ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2014-ലെ കേരള മത്സ്യവിത്ത് ആക്റ്റിലെ (2015-ലെ 4-ാം ആക്റ്റ്) 3-ാം വകുപ്പ് പ്രകാരം സംസ്ഥാന മത്സ്യവിത്ത് കേന്ദ്രം എന്ന പേരിൽ ഒരു കേന്ദ്രം സർക്കാരിന് രൂപീകരിക്കാവുന്നതാണ്. 2016-ലെ കേരള മത്സ്യവിത്ത് ചട്ടങ്ങളിലെ 8-ാം ചട്ടപ്രകാരം പ്രസ്തുത കേന്ദ്രത്തിന്റെ ആസ്ഥാനം എറണാകുളം ആണ്. സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നതോ വിതരണം ചെയ്യപ്പെടുന്നതോ ആയ മത്സ്യവിത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ലക്ഷ്യമിട്ട് രൂപീകൃതമായിട്ടുള്ള മത്സ്യവിത്ത് കേന്ദ്രം, ഫിഷറീസ് വകുപ്പുമായും വകുപ്പിന്റെ ഏജൻസികളുമായി സഹകരിച്ച് പ്രവർത്തിക്കേണ്ടതിനാലും കൊല്ലം ജില്ലയിൽ പൊതുമേഖല/സർക്കാർ മേഖലയിൽ ശുദ്ധജല-ഓരുജല ഹാച്ചറികൾ നല്ലരീതിയിൽ പ്രവർത്തിക്കുന്നതിനാലും അധിക ചെലവില്ലാതെ ഫിഷറീസ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽത്തന്നെ മത്സ്യവിത്ത് കേന്ദ്രത്തിന്റെ ആസ്ഥാന കാര്യാലയം സജ്ജീകരിക്കുവാൻ ആകുമെന്നതിനാലും സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന്റെ ആസ്ഥാനം കൊല്ലത്തേക്ക് മാറ്റുന്നതിന് 2016-ലെ കേരള മത്സ്യവിത്ത് ചട്ടങ്ങളിലെ 8-ാം ചട്ടം ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

---